## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5944 — 19/11/2019-ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി. അണക്കെട്ടുകളുടെ ഉദ്പാദന ശേഷി

| | ചോദ്യം<br><br>**ശ്രീ.കെ.എൻ.എ ഖാദർ**<br>**,, മഞ്ഞളാംകുഴി അലി** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കെ.എസ്.ഇ.ബി. അണക്കെട്ടുകളിൽ ശേഷിക്കുന്ന ജലം നിലവിൽ സംഭരണ ശേഷിയുടെ എത്രയാണ്; ഇത് എത്ര ദശലക്ഷം വൈദ്യുതി ഉദ്പാദിപ്പിക്കാൻ പ്രാപ്തമാണ്; ഇത് കഴിഞ്ഞ വർഷത്തെ ഇതേ സമയത്തെ ഉദ്പാദന ശേഷിയുമായി താരതമ്യപ്പെടുത്താമോ; | (എ) | 12.11.2019 ലെ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി. അണക്കെട്ടുകളിൽ ശേഷിക്കുന്ന ജലം നിലവിലുള്ള സംഭരണശേഷിയുടെ 80.22 ശതമാനം ആണ്. പ്രസ്തുത സംഭരണശേഷി കൊണ്ട് 3321.315 ദശലക്ഷം യൂണിറ്റ് ഉത്പാദിപ്പിക്കാൻ പര്യാപ്തമാണ്. കഴിഞ്ഞ വർഷം ഇതേ ദിവസം ഉദ്പാദന ശേഷി 3177.967 ദശലക്ഷം യൂണിറ്റായിരുന്നു. |
| (ബി) | ഇപ്പോൾ കെ.എസ്.ഇ.ബി. യുടെ പ്രതിദിന ഉപഭോഗം എത്രയെന്നും പ്രതിദിന ഉത്പാദനം എത്രയെന്നും അറിയിക്കാമോ; | (ബി) | 11.11.2019-ലെ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി. യുടെ പ്രതിദിന ശരാശരി ഉപഭോഗം 66.9244 ദശലക്ഷം യൂണിറ്റാണ്. ഇതിൽ കെ.എസ്.ഇ.ബി. യുടെ പ്രതിദിന ശരാശരി ഉത്പാദനം 16.6767 ദശലക്ഷം യൂണിറ്റാണ്. |
| (സി) | പ്രതിദിന ഉല്പാദനച്ചെലവും പുറത്തുനിന്നു വാങ്ങുന്ന വൈദ്യുതിയുടെ പ്രതിദിന ചെലവും എത്രയാണെന്ന് അറിയിക്കുമോ? | (സി) | (2018-19)-ലെ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.-യുടെ പുറത്തുനിന്നു വാങ്ങുന്ന വൈദ്യുതിയുടെ പ്രതിദിന ശരാശരി ചെലവ് 20.805 കോടി രൂപയാണ്.<br>31.03.2019 – ലെ കണക്ക പ്രകാരം ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ 77 പൈസ ചെലവാകും. ഇതുപ്രകാരം ശരാശരി പ്രതിദിന ഉല്പാദന ചെലവ് 1.28 കോടി രൂപയായി കണക്കാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ